بســم الله الرحمن الرحيم

نحمده ونصلى علي رسوله الكريم. وعلى عبده المسيح الموعود

ഖുത്ബ

16.9.2005

ഗോതൻബർഗ്, സ്വീഡൻ

# വാഗ്ദത്ത മസീഹിന്റെ പ്രതീക്ഷക്കൊത്ത് ഉയരുക

يَاَيُّهَا النَّاسُ اعْبُدُوْا رَبَّكُمُ الَّذِىْ خَلَقَكُمْ وَالَّذِيْنَ مِنْ قَبْلِكُمْ لَعَلَّكُمْ تَتَّقُوْنَ ﴿٢٢﴾

**അ**ല്ലയോ ജനങ്ങളേ! നിങ്ങളേയും നിങ്ങൾക്കു മുമ്പുള്ളവരേയും സൃഷ്ടിച്ച നിങ്ങളുടെ നാഥനെ നിങ്ങൾ ആരാധിക്കുവിൻ. നിങ്ങൾ ഭയഭക്തി കൈക്കൊള്ളുന്നതിനുവേണ്ടി. (*2:22*)

ഇന്ന് ദൈവികാനുഗ്രഹത്താൽ സ്കാൻഡിനേവിയൻ രാജ്യങ്ങളുടെ ആദ്യത്തെ ജൽസയാണ് നടക്കുന്നത്. അതായത് ഡൻമാർക്ക്, സ്വീഡൻ, നോർവെ എന്നീ രാഷ്ട്രങ്ങൾ ഒന്നുചേർന്നുകൊണ്ട് നടത്തുന്ന ആദ്യത്തെ സമ്മേളനം. മൂന്നു രാജ്യങ്ങളിൽനിന്നും നിങ്ങൾ ഇവിടെ സമ്മേളിച്ചിരിക്കുകയാണ്. ഈ ജൽസകൊണ്ട് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ദേശ്യലക്ഷ്യം ജമാഅത്തംഗങ്ങളുടെ തഖ്വ അഥവാ ഈശ്വരഭക്തിയുടെ നിലയെ വളർത്തുകയും തന്നെ വിശ്വസിച്ചിട്ടുള്ളവർക്ക് ഏകദൈവത്തെ പരിചയപ്പെടുത്തിക്കൊണ്ട് അവരെ അവന്റെ മുന്നിൽ കുനിയുന്നവരും അവനെ ആരാധിക്കുന്നവരും അവന്റെ കല്പനകളനുസരിച്ച് നടക്കുന്നവരുമാക്കിത്തീർക്കുക എന്നതാണ്. തന്റെ ആഗമനോദ്ദേശ്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട ഉദ്ദേശ്യമായി അവിടന്ന് എടുത്തുപറഞ്ഞത് ഇതുതന്നെയാണ്. അവിടന്ന് പറയുന്നു:

"അല്ലാഹു എന്നെ ലോകത്തേക്കയച്ചിട്ടുള്ളത്, സർവ്വവും നഷ്ടപ്പെട്ട ജനങ്ങളെ ഞാൻ സഹിഷ്ണുതയോടും സൗശീലത്തോടും ശാന്തഭാവത്തോടും കൂടി അല്ലാഹുവിലേക്കും അവന്റെ മാർഗ്ഗദർശനങ്ങളിലേക്കും വലിച്ചുകൊണ്ടുവരുന്നതിനും എനിക്കു നല്കപ്പെട്ട ആ പ്രകാശത്തിന്റെ വെളിച്ചംകൊണ്ട് ജനങ്ങളെ നേരായ വഴിയിലൂടെ നടത്തുന്നതിനും വേണ്ടിയാണ്."

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിൽ ചേർന്നിട്ടുള്ള ഓരോ അഹ്മദിയുടേയും ലക്ഷ്യം ഇതുതന്നെയായിരിക്കേണ്ടതാണ്. അതായത്, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കുന്നതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുക. അല്ലാഹുവിലേക്ക് അടുക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളിലൊന്ന് അല്ലാഹു പറഞ്ഞതുപോലെ അവനെ ആരാധിക്കുക എന്നതാണ്. ഇതിനെ സംബന്ധിച്ച് വിശുദ്ധഖുർആനിൽ വ്യക്തമായും പറഞ്ഞിട്ടുണ്ട്. അതായത്, നിസ്കാരം നോമ്പ്, സക്കാത്ത്, ഹജ്ജ് തുടങ്ങിയ ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കുക. അതിനുശേഷം മറ്റു കല്പനകളും പാലിക്കേണ്ടതുണ്ട്. അത്, സമൂഹത്തെ മനോഹരമാക്കിത്തീർക്കുന്നതിനും അവസാനം അല്ലാഹുവിന്റെ തിരുസന്നിധിയിൽ കുമ്പിട്ടുകൊണ്ട് യഥാർത്ഥ ദാസന്മാരായിത്തീരുന്നതിനുമുള്ള കല്പനകളാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ, മനുഷ്യനെ അല്ലാഹുവിന്റെ സന്നിധിയിൽ സാഷ്ടാംഗം പ്രണമിപ്പിക്കുകയും അവന്റെ കല്പനകളനുസരിച്ച് നടക്കുന്നവരാക്കിത്തീർക്കുകയും ചെയ്യുന്നത് അല്ലാഹു ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് നല്കിയ ആ പ്രകാശം കൊണ്ടായിരിക്കണം. ഇക്കാലത്ത് അല്ലാഹുവിനോളം എത്താനുള്ള വഴി ആർക്കെങ്കിലും കാണാൻ കഴിയുമെങ്കിൽ, അത് അഹ്മദികൾക്കു മാത്രമായിരിക്കും. കാരണം അവർ ഹസ്റത്ത് മസീഹ് മൗഊദ്(അ)നോടൊപ്പം നില്ക്കുമെന്ന് പ്രതിജ്ഞ ചെയ്തിരിക്കുന്നു. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച്, അവിടത്തെ അദ്ധ്യാപനങ്ങൾ ലോകത്ത് നടപ്പിൽവരുത്തേണ്ട നീതിമാനായ വിധികർത്താവിനെ വിശ്വസിച്ചതിനുശേഷം ആ മഹാത്മാവിന്റെ എല്ലാ കല്പനകളും സത്യഹൃദയത്തോടെ പാലിക്കുമെന്ന് അവർ പ്രതിജ്ഞ ചെയ്തിരിക്കുന്നു. ഓരോ അഹ്മദിയുടേയും പ്രതിജ്ഞ ഇതുതന്നെയാണ്. ഇന്ന് ഈ പ്രതിജ്ഞയാണ് വേണ്ടത്. ഈ വിചാരത്തോടെ അഹ്മദികൾ ഹസ്റത്ത് മസീഹ് മൗഊദ് (അ)ന്റെ അദ്ധ്യാപനങ്ങളനുസരിച്ച് പ്രവർത്തിക്കുന്നില്ലെങ്കിൽ, അവിടന്ന് കൊണ്ടുവന്ന പ്രകാശത്തിൽ അവർ ഭാഗഭാക്കാകുന്നില്ല. അവർ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരും ആകുന്നില്ല. ഇപ്രകാരംതന്നെ അവനെ ആരാധിക്കുന്നവരുമാകുന്നില്ല. അപ്പോൾ പിന്നെ തങ്ങൾ അഹ്മദികളാണെന്ന വെറും പറച്ചിലുകൾ മാത്രമാണത്. കാരണം അവരുടെ കർമ്മങ്ങൾ അവരുടെ വാദത്തിന് കടകവിരുദ്ധമാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ) പുതിയ ന്യായപ്രമാണവുമായിട്ടൊന്നും വന്നിട്ടില്ല. അവിടന്ന് നബി(സ) തിരുമേനിയെ സത്യഹൃദയത്തോടെ സ്നേഹിക്കുന്നവനായിക്കൊണ്ട്, നബിതിരുമേനി കൊണ്ടുവന്ന ശരീഅത്തിനെ, അതായത് വിശുദ്ധഖുർആനെ നിലനാട്ടാനാണ് വന്നത്. അവിടന്ന്, ലോകരെ അല്ലാഹുവിന്റെ യഥാർത്ഥ ദാസരാക്കിത്തീർക്കുന്നതിനുവേണ്ടിയാണ് നിയോഗിതരായത്. എന്നാൽ, അഹ്മദിയാണെന്ന് വാദിക്കുന്ന ഒരാൾ, ഇക്കാര്യങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവനല്ലെങ്കിൽ അയാൾക്കൊരിക്കലും ആ പ്രകാശത്താൽ പ്രശോഭിതനാകാനൊക്കുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ് (അ) കൊണ്ടുവന്ന ആ വെളിച്ചത്തിൽ പങ്കാളിയാകാനും അയാൾക്കു കഴിയില്ല.

അതുകൊണ്ട്, മസീഹ് മൗഊദ്(അ)ന്റെ അനുയായിയാണെന്ന് അവകാശപ്പെടുന്ന ഓരോരുത്തരും, അഹ്മദിയാണെന്ന് പറയുന്ന ഓരോരുത്തരും അല്ലാഹു പറഞ്ഞിട്ടുള്ള കല്പനകളനുസരിച്ച് ആരാധനാകർമ്മങ്ങളനുഷ്ഠിക്കുന്ന ദാസരായിത്തീരേണ്ടിവരും. അല്ലാഹു പറഞ്ഞിട്ടുള്ള മറ്റു കല്പനകളും പാലിക്കേണ്ടതായിവരും. ഇന്ന് ഇക്കാര്യങ്ങളൊക്കെ സംശയരഹിതമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) തുറന്നുപറഞ്ഞു തന്നിരിക്കുകയാണ്. അവിടന്ന് തന്റെ ജമാഅത്തിനോടു പ്രത്യേകിച്ചും ലോകരോട് പൊതുവായും വളരെ വേദനയോടുകൂടി, ഏകനായ ദൈവത്തിലേക്ക് വരുന്നതിനും അവനെ ആരാധിക്കുന്നതിനും അവന്റെ കല്പനകൾ പാലിക്കുന്നതിനും നിരവധി തവണ ഉപദേശിക്കുകയുണ്ടായി.

ഒരിടത്ത് അവിടന്ന് പറയുന്നു: "നമ്മുടെ സ്വർഗ്ഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവ്വവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്."

അതുകൊണ്ടു ഓരോ അഹ്മദിയുടേയും പ്രഥമ ലക്ഷ്യം അല്ലാഹുവിനെ കരസ്ഥമാക്കുക എന്നതായിരിക്കേണ്ടതാണ്. അതിനുവേണ്ടിയുള്ള അടിസ്ഥാനപരമായ കാര്യമാണ് അവനെ ആരാധിക്കുക എന്നത്. ഞാൻ ആരംഭത്തിൽ ഓതിയ വചനവും അതിന്റെ തർജമയും നിങ്ങൾ കേട്ടു. അതിൽ തന്നെ ആരാധിക്കാൻ അല്ലാഹു നമ്മോട് കല്പിച്ചിരിക്കുകയാണ്. അല്ലാഹുതന്നെയാണ് നിങ്ങളെ സൃഷ്ടിച്ചിട്ടുള്ളതെന്നും, അവൻ നിങ്ങളുടെ റബ്ബാണെന്നും, സൃഷ്ടിച്ചതിനുശേഷം എല്ലാ സാധനസാമഗ്രികളും സൃഷ്ടിച്ചത് അവനാണെന്നും നിങ്ങൾക്കു മുമ്പുള്ളവരേയും സൃഷ്ടിച്ചതും പരിപാലിച്ചതും അവൻ തന്നെയാണെന്നും എടുത്തുപറഞ്ഞുകൊണ്ട് വ്യക്തമായ വാക്കുകളിൽ അവൻ നമ്മെ ഉപദേശിച്ചിരിക്കുകയാണ്.

നിങ്ങളെ സൃഷ്ടിച്ചത് അവന്റെ ഔദാര്യമാണ്. അതുകൊണ്ട് നന്ദി എന്ന നിലയിൽ നിങ്ങൾ അവനെ ആരാധിക്കേണ്ടതാണ്. ഈ ആരാധനയും നിങ്ങളുടെ ഭയഭക്തിയിൽ വർദ്ധനവുണ്ടാക്കും. ഭയഭക്തിയിൽ അഭിവൃദ്ധിയുണ്ടാകുമ്പോഴാണ് അല്ലാഹുവിന്റെ സാമീപ്യം കൂടുതൽ കരസ്ഥമാക്കുന്നവരായിത്തീരുന്നത്. അവന്റെ അനുഗ്രഹങ്ങൾക്ക് അവകാശികളാകുന്നത്. കാരണം നിങ്ങൾ നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ രക്ഷിതാവിനെയാണ് ആരാധിക്കുന്നത്; മറ്റെല്ലാ സൃഷ്ടികളേയും സൃഷ്ടിച്ചതും അവൻ തന്നെയാണ്. ആ അല്ലാഹു സർവലോകപരിപാലകനാണ്. സർവലോകത്തേയും സൃഷ്ടിച്ചവനാണ്. ഈ പ്രപഞ്ചത്തിലെ ഓരോ വസ്തുവിനേയും സൃഷ്ടിച്ചിട്ടുള്ള അല്ലാഹുവിൽനിന്ന് അകന്നുകൊണ്ട് നിങ്ങൾ എന്തു നേട്ടം കൈവരിക്കാനാണ്? നിങ്ങൾക്ക് എങ്ങനെയാണ് ജീവിക്കാൻ സാധിക്കുക? നിങ്ങൾ യഥാർത്ഥത്തിൽ അവന്റെ മുമ്പിൽ പ്രണമിക്കുന്നവരായിത്തീർന്നാൽ, അവൻ തഖ്‌വയിൽ നിങ്ങൾക്ക് അഭിവൃദ്ധി നല്കുന്നതിനും അവന്റെ സാമീപ്യം പ്രാപിക്കുന്നവരാക്കിത്തീർക്കുന്നതിനും പുറമെ നിങ്ങൾ ചിന്തിക്കാത്ത വഴിയിലൂടെ നിങ്ങൾക്ക് ജീവിതവിഭവവും തന്നനുഗ്രഹിക്കുന്നതാണ്. അവൻ പറയുന്നു:

***വമൻയ്യത്തഖില്ലാഹ യജ്അൽല്ലഹു മഖ്റജൻവ്വ യർസുഖ്ഹു മിൻ ഹയ്ഥു ലാ യഹ്തസിബു***. വല്ലവനും അല്ലാഹുവിനെ സൂക്ഷിക്കുന്നതായാൽ അവന് അല്ലാഹു രക്ഷപ്പെടാനുള്ള മാർഗ്ഗമുണ്ടാക്കിക്കൊടുക്കുന്നതാണ്. അവനുദ്ദേശിക്കാത്ത ഭാഗത്തൂടെ അല്ലാഹു അവന് ഉപജീവനം നല്കുകയും ചെയ്യുന്നു. (65:3)

അല്ലാഹുവിന്റെ സ്നേഹം കരസ്ഥമാക്കുന്നതിന് തഖ്‌വ അഥവാ ഈശ്വരഭക്തി അത്യന്താപേക്ഷിതമാണ്; ആ സ്നേഹം കരസ്ഥമാക്കിയതിനുശേഷം ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നതിനും. തഖ്‌വ കരസ്ഥമാക്കുന്നതിന് അല്ലാഹു നമ്മോട് പറഞ്ഞിരിക്കുന്നു; ഞാനാണ് നിങ്ങളുടെ രക്ഷിതാവ്, നിങ്ങൾക്ക് ഉപജീവനം നല്കുകയും നിങ്ങളെ പരിപാലിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുകയും, നിങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചു തരികയും ചെയ്യുന്നു. എന്നല്ല, മുഴുലോകത്തേയും സൃഷ്ടിച്ചിട്ടുള്ളത് ഞാൻ തന്നെയാണ് എന്നു പറഞ്ഞിരിക്കുന്നു. പ്രപഞ്ചമെല്ലാം എന്റെ ഒരു ആംഗ്യം കൊണ്ട് ചലിക്കുന്നതാണ്. ഈ പ്രപഞ്ചത്തിന്റെ ബാലൻസ് അല്പമൊന്നു തെറ്റിയാൽ, പിന്നെ നാശം തന്നെയായിരിക്കും ഫലം. പറഞ്ഞു: അതുകൊണ്ട് എന്നെ ആരാധിക്കുക.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഇത് സംബന്ധമായി പറയുന്നു: "അല്ലയോ ജനങ്ങളേ! നിങ്ങളെ സൃഷ്ടിച്ച നിങ്ങളുടെ ദൈവത്തെ നിങ്ങൾ ആരാധിക്കുക. നിങ്ങളെ സൃഷ്ടിച്ചവനാണ് ആരാധനയ്ക്കർഹൻ. അതായത്, ജീവിച്ചിരിക്കുന്നവൻ അവൻ മാത്രമാണ്. അവനെ സ്നേഹിക്കുക. അല്ലാഹുവുമായി ബന്ധം വയ്ക്കുക എന്നതാണ് സത്യസന്ധത. അവന്നെതിരിൽ മറ്റുള്ളതെല്ലാം ഒന്നുമല്ല എന്നു മനസ്സിലാക്കുക. ആരാണോ, മക്കളേയും മാതാപിതാക്കളേയും അല്ലെങ്കിൽ മറ്റേതെങ്കിലും വസ്തുവിനേയും പ്രിയങ്കരമായിക്കരുതുകയും, എപ്പോഴും ആ ചിന്തയിലിരിക്കുകയും ചെയ്യുന്നത്, അതും ഒരു ബിംബാരാധനയാണ്. ബിംബാരാധന എന്നു പറയുന്നത് ഹിന്ദുക്കളെപ്പോലെ ബിംബമെടുത്ത് മുന്നിൽവെച്ചുകൊണ്ടിരിക്കുകയും അതിനെ പ്രണമിക്കുകയും ചെയ്യുക എന്നതു മാത്രമല്ല അർത്ഥം. അതിരുകടന്ന സ്നേഹവും പ്രേമവും ആരാധന തന്നെയാണ്. വീണ്ടും പറയുന്നു: ഒരാളെ ഒഴിച്ചുകൂടാനെ പറ്റുകയില്ല എന്ന് വിചാരിക്കുമ്പോൾ അയാൾ ആരാധ്യനായി മാറുന്നു. അതിന്നർഹൻ അല്ലാഹു മാത്രമാണ്. അവന് സമനായി ആരുമില്ല. ഒരു മനുഷ്യനേയും സൃഷ്ടിയേയും അവനെപ്പോലെ എന്ന്

പറയാൻ പറ്റുകയില്ല."

അതുകൊണ്ട് ആരേയും അതിരുകടന്ന് സ്നേഹിക്കുകയോ, ഒരു ജോലിയിലും ആവശ്യത്തിലധികം മുഴുകുകയോ ചെയ്യുന്നത് അതായത് അല്ലാഹുവിനെ ആരാധിക്കണമെന്ന കാര്യംപോലും മറന്നുപോകുംവിധം അതിൽ ലയിക്കുക എന്നത് ശിർക്കാണ്. ബഹുദൈവാരാധനയാണ്. കൂലിവേലക്കാരാണെങ്കിലും ഉദ്യോഗസ്ഥരാണെങ്കിലും, നിസ്കാരത്തെ മറന്നുകൊണ്ട്, തന്റെ ജോലിയെക്കുറിച്ചും പണം സമ്പാദിക്കുന്നതിനെക്കുറിച്ചും മാത്രം ചിന്തിച്ചുകൊണ്ടിരുന്നാൽ, അതും ശിർക്കാണ്.

കമ്പ്യൂട്ടറിലോ, അല്ലെങ്കിൽ മറ്റെന്തെങ്കിലും കളിതമാശകളിലോ ലയിച്ചിരിക്കുന്ന ചെറുപ്പക്കാരൻ, അവൻ അല്ലാഹുവിനെ ആരാധിക്കുന്നത് മറന്നുപോകുകയാണെങ്കിൽ അതും ശിർക്കാണ്. വീടുകളിൽ ചില ബാഹ്യമായ ശിർക്കുകളും കാണാറുണ്ട്. അറിയാത്ത രീതിയിലാണ് അത് കാണുന്നത്. അതിനെക്കുറിച്ച് ബോധം ഉണ്ടാകുകയില്ല. ഒരു ഭാഗത്ത് അഹ്മദീ എന്നു പറയും. (അഹ്മദി വീടുകളിൽ ഇത് വളരെ കുറവാണ്, അനഹ്മദി വീടുകളിൽ ഇത് വളരെയധികമാണ്. എന്നാൽ ഓന്നോ രണ്ടോ അഹ്മദീ വീടുകളിലാണെങ്കിൽപോലും അത് പാടില്ലാത്തതാണ്.) അത്തരം അഹ്മദീ വീടുകളിൽ ചില സിനിമകൾ കാണാറുണ്ട്. അതിൽ വൃത്തികേടല്ലാതെ മറ്റൊന്നും ഉണ്ടാകുകയില്ല. ദേവിദേവന്മാരെ പൂജിക്കുന്നതാണ് കാണിക്കുന്നത്. മൂർത്തികളെ ആരാധിക്കുന്നവർ തങ്ങളുടെ വീടുകളിൽ അതിനെവെച്ച് പൂജിക്കുന്നവരാണ്. അത് പ്രത്യേക സ്ഥലങ്ങളിലായിരിക്കും പ്രതിഷ്ഠിച്ചിട്ടുള്ളത്. നാടകങ്ങളും മറ്റും കണ്ട് ചിലയാളുകൾ ബാസാറുകളിൽനിന്ന് ബിംബങ്ങൾ വാങ്ങി തങ്ങളുടെ വീട് അലങ്കരിക്കുന്നു. തങ്ങളുടെ ഷെൽഫുകളിലും ഡ്രോയിംഗ്റൂമുകളിലും വയ്ക്കുന്നു. പിന്നീട് മെല്ലെ മെല്ലെ അത് ബിംബമാണെന്നുള്ള വിചാരം ഇല്ലാതാക്കുന്നു. ഇത്തരം സിനിമകൾ കാണുകയും, മൂർത്തികളെക്കൊണ്ട് വീട് അലങ്കരിക്കുകയും ചെയ്യുന്ന കാരണത്താൽ, ബിംബമാണെന്നുള്ള ബോധം മരിക്കുന്നു. അല്ലാഹുവിനെ ആരാധിക്കുന്നതിൽ മടിയും നിസ്കാരത്തിൽ അലസതയും ഉള്ള വീടുകളിൽ പെട്ടെന്നായിരിക്കും അധാർമ്മികത പരക്കാൻ തുടങ്ങുന്നത്. അതുകൊണ്ട്, ഓരോ അഹ്മദിയും ഈ നിരർത്ഥകമായ കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കേണ്ടതാണ്, എന്നല്ല, തങ്ങളുടെ ആരാധനയുടെ നിലയെ മെച്ചപ്പെടുത്തുകയും വേണം. നമ്മൾ ഓരോ നിസ്കാരത്തിലും ***ഇയ്യാക്ക നഅ്ബുദു വഇയ്യാക്ക നസ്തഈൻ*** എന്ന പ്രാർത്ഥന ചൊല്ലുന്നു. "അല്ലാഹുവേ, ഞാൻ നിന്നെ മാത്രം ആരാധിക്കുന്നു. നിന്നെമാത്രം ആരാധിക്കാനാഗ്രഹിക്കുന്നു. നിന്നോടുമാത്രം സഹായം തേടുന്നു. ഞങ്ങളെ നിന്നെ ആരാധിക്കുന്നവരാക്കേണമേ. ആരാണോ അല്ലാഹുവിനെ ആരാധിക്കുന്നത് തീർച്ചയായും അയാൾ എല്ലാവിധ ശിർക്കിൽനിന്നും പരിശുദ്ധനാകേണ്ടതാണ്.

ഇങ്ങനെ നോക്കുമ്പോഴും ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്. ഒരുഭാഗത്ത്, അല്ലാഹുവിനെ ആരാധിക്കുന്നവരായിത്തീരാൻ നാം അല്ലാഹുവിനോടു ദുആ ചെയ്യുന്നു, മറുഭാഗത്ത് ഭൗതികതയിലേക്കുള്ള ശ്രദ്ധ എത്രമാത്രമാണെന്നുവെച്ചാൽ നിസ്കാരം വിട്ടുകളയുന്നു. എന്നാൽ, ഭൗതികപ്രവർത്തനത്തിന് കോട്ടം തട്ടാൻ അനുവദിക്കുന്നില്ല. താനാണ് ഉപജീവനം നല്കുന്നവനെന്ന് അല്ലാഹു പ്രഖ്യാപിക്കുന്നു. തന്നെ ആരാധിക്കുന്നവർക്കുവേണ്ടി അല്ലാഹു ഉപജീവനത്തിനുള്ള വഴികൾ തുറക്കുന്നു. വായകൊണ്ട് അത് സത്യമാണെന്ന് നാം ഏറ്റുപറയുന്നു. പക്ഷേ, നമ്മുടെ കർമ്മങ്ങൾ അതിന് കടകവിരുദ്ധമാണ്.

ഒരുഭാഗത്ത് നിസ്കാരത്തിലേക്ക് വിളിക്കുമ്പോൾ മറുഭാഗത്ത് ഭൗതികതയോടുള്ള അത്യാർത്തികൊണ്ട് നാം സമ്പത്തിലേക്ക് ഓടിപ്പോകുന്നു. അപ്പോൾ ഏകദൈവത്തെ ആരാധിക്കുന്നവരാണെന്ന നമ്മുടെ വാദം പൊള്ളയായിത്തീരുന്നു. അതുകൊണ്ട് ജമാഅത്തിലെ ഓരോ വിഭാഗവും സ്ത്രീയും പുരുഷനും കുട്ടിയും വൃദ്ധനും യുവാവുമെല്ലാം അവരവരെ വിലയിരുത്തേണ്ടതാണ്; അതായത് ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട് അവരിൽ ആത്മീയമായ എന്തു മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വിലയിരുത്തേണ്ടതാണ്.

നമ്മുടെ ആരാധനയുടെ നില മെച്ചപ്പെട്ടിട്ടുണ്ടോ? അതോ ആദ്യമുള്ള സ്ഥാനത്തുതന്നെയാണോ ഇപ്പോഴും നില്ക്കുന്നത്? അതോ താഴോട്ടുപോകുന്നുണ്ടോ? കുറവു വരുന്നുണ്ടോ? ഓരോരുത്തരും ഇങ്ങനെതന്നെ വിലയിരുത്തുമ്പോൾ തീർച്ചയായും ആരാധനയുടെ നില മെച്ചപ്പെടുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓരോ നിമിഷവും അവനിലേക്ക് തിരിയേണ്ടത് ആവശ്യമാണ്. അല്ലാഹുവിലേക്ക് സദാ ചിന്തയുണ്ടാകാതെ സത്യവിശ്വാസിക്ക് ജീവിതം കഴിച്ചുകൂട്ടാൻ പറ്റുകയില്ല. ഇക്കാര്യത്തെക്കുറിച്ച് ചിന്തിക്കുകയോ ദീനീദൃഷ്ടിയോടെ അതിന് പ്രാധാന്യം നല്കുകയോ ചെയ്യുന്നില്ലെങ്കിൽ, അവൻ തന്റെ ഭൗതിക കാര്യങ്ങളിൽതന്നെ ദൃഷ്ടി പായിച്ചു 'അല്ലാഹുവിന്റെ അനുഗ്രഹമില്ലാതെ അവന്റെ എന്തെങ്കിലും കാര്യം നടക്കുമോ' എന്ന് നോക്കിയാൽ അതൊരിക്കലും നടക്കുകയില്ലെന്ന് അവന് കാണാൻ കഴിയും. ആത്മീയകാര്യമാണെങ്കിലും ഭൗതിക കാര്യമാണെങ്കിലും അവന് അല്ലാഹുവിനെ ആവശ്യമുണ്ട്. എപ്പോഴും അവനെ ആശ്രയിച്ചാണ് മനുഷ്യൻ നിലകൊള്ളുന്നത്. അവനെ നിഷേധിക്കുന്നവൻ അബദ്ധത്തിലാണുള്ളത്. മനുഷ്യൻ തന്നെ ഓർക്കുന്നുണ്ടോ ഇല്ലേ എന്നത് അല്ലാഹുവിന് ഒരു പ്രശ്നമേയല്ല. അവൻ പറയുന്നു: ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലവ്‌ലാ ദുആഉക്കും*** നിങ്ങൾ അവനിലേക്ക് മടങ്ങിയാൽ നിങ്ങൾക്കുതന്നെയാണ് അതുകൊണ്ട് നേട്ടം. മനുഷ്യൻ എത്രത്തോളം തന്നെ ഫലപ്രദനാക്കിത്തീർക്കുന്നുവോ അത്ര

ത്തോളം അല്ലാഹുവിൽനിന്ന് അനുഗ്രഹം കരസ്ഥമാക്കുന്നതാണ്. പറഞ്ഞു: കർഷകൻ എരുതിനെ എത്ര മാത്രം ഇഷ്ടപ്പെട്ടാലും, എരുതു അവന് പ്രയോജനപ്പെടുന്നില്ലെങ്കിൽ, നുകം ചുമക്കാനോ, വെള്ളം വലിക്കാനോ പറ്റുന്നില്ലെങ്കിൽ അവസാനം അറുക്കുകയല്ലാതെ മറ്റെന്താണ് ചെയ്യുക.

ഇവിടെയുള്ള ചിലർക്കെങ്കിലും ഇതിനെക്കുറിച്ചറിയുകയില്ല. നമ്മുടെ പാക്കിസ്ഥാനിലും ഇന്ത്യയിലും ഇപ്പോഴും എരുതുകളെ വളർത്താറുണ്ട്; നിലം ഉഴുന്നതിനും മറ്റും. അന്നത്തെ പഴയവസ്തുക്കൾ ഇവിടെ മ്യൂസിയങ്ങളിലുണ്ടാകാം. എരുതുകളെ വളരെ ശ്രദ്ധയോടെയാണ് കർഷകർ വളർത്തുന്നത്. ട്രാക്ടർ തുടങ്ങിയവ മിക്കവരുടെ പക്കലുമില്ല. ഈ പ്രവൃത്തികൾക്കായി എരുതുകളെ വളർത്തുന്നു. അവസാനം അവയെക്കൊണ്ട് പ്രയോജനമില്ലായെന്നു കണ്ടാൽ അവയെ അറുക്കുകയാണ് ചെയ്യുന്നത്. ഒരുദിവസം ഉടമസ്ഥൻ അവയെ കശാപ്പുകാരന് കൈമാറും. ഇപ്രകാരം, മനുഷ്യൻ അല്ലാഹുവിന്റെ വഴിയിൽ ഫലപ്രദനാകുന്നില്ലെങ്കിൽ അല്ലാഹു അവന്റെ സംരക്ഷണം ഒരിക്കലും ഏറ്റെടുക്കുകയില്ല. ഫലം കായ്ക്കുന്നതും തണലേകുന്നതുമായ മരത്തെപ്പോലെതന്നെ നാം നമ്മെ ആക്കിത്തീർക്കേണ്ടതാണ്; എങ്കിലേ തോട്ടക്കാരൻ അതിനെ പരിപാലിച്ചു വളർത്തുകയുള്ളൂ. എന്നാൽ, ഫലം കായ്ക്കാത്തതും, ഇലകളില്ലാത്തതുമായ മരത്തെപ്പോലെയാണെങ്കിൽ അത് മുറിക്കപ്പെടുകയും തീയിലിടപ്പെടുകയും ചെയ്യും. അല്ലാതെ അതിനെക്കൊണ്ട് എന്താണ് പ്രയോജനം. അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് അവനെ തിരിച്ചറിയുന്നതിനും അവന്റെ സാമീപ്യം പ്രാപിക്കുന്നതിനും വേണ്ടിയാണ്.

***മാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ*** അടിസ്ഥാനപരവും യഥാർത്ഥവുമായ ഈ ഉദ്ദേശ്യത്തെ പരിഗണിക്കാതെ, രാപ്പകൽ ഭൗതികസമ്പത്ത് ആർജ്ജിക്കുന്നതിൽ മുഴുകുകയാണെങ്കിൽ- ഇന്ന സ്ഥലം വാങ്ങണം ഇന്ന വീടു വാങ്ങണം, ഇന്ന സ്വത്ത് പിടിച്ചെടുക്കണം തുടങ്ങിയ കാര്യങ്ങളിൽ മുഴുകുകയാണെങ്കിൽ അത്തരം വ്യക്തിക്ക് കുറച്ചുനാൾ അവധികൊടുത്ത് അല്ലാഹു തിരിച്ചുവിളിക്കുമെന്നല്ലാതെ മറ്റെന്താണ് അല്ലാഹു അവന് നല്കേണ്ടത്. അല്ലാഹുവിനെ കരസ്ഥമാക്കുന്നതിന് മനുഷ്യന്റെ മനസ്സിൽ ഒരു വേദനയുണ്ടാകണം. അക്കാരണത്താൽ അല്ലാഹുവിന്റെ പക്കൽ അവൻ ഒരു വിലപിടിച്ച വസ്തുവായിത്തീരുന്നതാണ്. ഈ വേദന അവന്റെ മനസ്സിൽ ഇല്ലെങ്കിൽ, ദുനിയാവിനും അതിലുള്ളതിനും വേണ്ടിമാത്രമാണ് വേദനയെങ്കിൽ അവസാനം അല്പം അവധിക്കുശേഷം നശിച്ചുപോകുന്നതാണ്. അല്ലാഹു അവധി നല്കുന്നത് അവൻ ശാന്തനായതുകൊണ്ടാണ്. എന്നാൽ, അവന്റെ ഈ ശാന്തസ്വഭാവത്തിൽനിന്ന് സ്വയം ഫലമെടുക്കാത്തവനോട് അവനെന്താണ് പിന്നെ ചെയ്യേണ്ടത്. അവനുമായി അല്പമെങ്കിലും ബന്ധം നിലനിറുത്തുന്നതിലാണ് ഭാഗ്യം നില കൊള്ളുന്നത്. എല്ലാ ആരാധനാകർമ്മങ്ങളുടേയും കേന്ദ്രം മനസ്സാണ്. ആരാധനാകർമ്മങ്ങളനുഷ്ഠിക്കുകയും എന്നാൽ മനസ്സ് അല്ലാഹുവിലേക്ക് തിരിയാതിരിക്കുകയും ചെയ്താൽ, ആരാധന എന്തു ഫലം ചെയ്യാനാണ്. മനസ്സ് പരിപൂർണ്ണമായും അവനിലേക്ക് തിരിയേണ്ടത് നിർബന്ധമാണ്."

മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യമാണിത്. അതായത്, ഏകനായ ദൈവത്തെ ആരാധിക്കുക. ഇതെല്ലാം നമ്മുടെ സ്വന്തം ഉന്നമനത്തിനു വേണ്ടിയുള്ളതാണ്. അല്ലാഹുവിന് നമ്മുടെ ആരാധനാകർമ്മങ്ങളൊന്നും ആവശ്യമില്ല. ഒരുദ്ദേശ്യം അവൻ നമ്മോടു പറഞ്ഞു. ആ ഉദ്ദേശ്യം കരസ്ഥമാക്കാൻ ശ്രമിച്ചാൽ തന്റെ സാമീപ്യം പ്രാപിക്കുമെന്നും പറഞ്ഞു. ഇല്ലെങ്കിൽ ശയ്ത്വാന്റെ മടിത്തട്ടിൽ ചെന്നുപതിക്കും. ശയ്ത്വാന്റെ മടിയിലാരാണോ വീഴുന്നത്, അവൻ അല്ലാഹുവിൽനിന്ന് അകന്നുപോകുന്നുവെന്ന് മാത്രമല്ല, ഏതെങ്കിലും രീതിയിൽ സമൂഹത്തിൽ കുഴപ്പമുണ്ടാക്കുന്നതിനും കാരണമായിത്തീരും.

അല്ലാഹുവിനെ ആരാധിക്കുന്നത് മനുഷ്യന്റെ ഗുണത്തിനുവേണ്ടിയാണ്. ഇല്ലെങ്കിൽ അല്ലാഹു പറഞ്ഞത് ഹസ്റത്ത് മസീഹ് മൗഊദ്(അ) എടുത്തുദ്ധരിച്ചതുപോലെ ***ഖുൽ മാ യഅ്ബഉബിക്കും റബ്ബീ ലവ്‌ലാ ദുആഉക്കും*** അതായത് അവരോടു പറയുക, നിങ്ങൾ ദുആ ചെയ്യുന്നില്ലെങ്കിൽ, അവനെ ആരാധിക്കുന്നില്ലെങ്കിൽ, അവനോട് അനുഗ്രഹം തേടുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ എന്തു വിലവെക്കാനാണ്. ഈ ആരാധിക്കാനുള്ള കല്പനയും അല്ലാഹു നിങ്ങൾക്ക് ഗുണത്തിനു വേണ്ടി മാത്രമാണ് നല്കിയിട്ടുള്ളത്.

ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു കാഴ്ച കാണിക്കപ്പെട്ടു. അതായത്, ഒരുപാട് ചെമ്മരിയാടുകളെ അറുക്കുന്നതിനായി കിടത്തിയിരിക്കുന്നു. അപ്പോൾ അശരീരി ഉണ്ടാകുന്നു. ***ഖുൽ മാ യഅബ്ഉബിക്കും റബ്ബീ ലവ്‌ലാ ദുആഉക്കും***. അതിനോടൊപ്പംതന്നെ പറഞ്ഞു: നിങ്ങൾക്കെന്ത് വിലയാണുള്ളത്? ചണ്ടി തിന്നു ജീവിക്കുന്ന ജന്തുക്കളല്ലേ? അല്ലാഹു നിങ്ങളെ എന്തു വിലവെക്കാനാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) കണ്ട ഈ സ്വപ്നവും ആരാധനാകർമ്മങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചുവിടുന്നതിനുവേണ്ടിയുള്ളതാണ്. അല്ലാഹുവിനെ ആരാധിക്കാത്തവരെ അല്ലാഹു എന്തു വിലവെക്കാനാണ്. അല്ലാഹു അവരെ ശ്രദ്ധിക്കുകയേയില്ല. എന്നാൽ, കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നുവെന്ന് വാദിക്കുന്ന നിങ്ങൾ, നിങ്ങളുടെ ആരാധനാകർമ്മങ്ങളിൽ അലസരാകാൻ പാടില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) കൊണ്ടുവന്ന ആ പ്രകാശം കരസ്ഥമാക്കാൻ നിങ്ങൾ പരിശ്രമിക്കുക. നിങ്ങളും ആരാധനാകർമ്മങ്ങളിൽ ബലഹീനത കാണിക്കുകയാണെങ്കിൽ, ആ പ്രകാശത്തിൽ

നിന്ന് നിങ്ങൾക്കും ഓഹരി ലഭിക്കുകയില്ല. അല്ലാഹുവിൽനിന്ന് അകലുകയും ചെയ്യും. അല്ലാഹുവിൽ നിന്നകലുന്നവനെ അല്ലാഹു അല്പംപോലും പരിഗണിക്കാറില്ല. അതുകൊണ്ട് അല്ലാഹു ഒരു പരിഗണനയും നല്കാത്ത ആ നിഷ്ഫലരായ ആടുകളാകരുത് നാം. താൻ കൈയും കാലും കണ്ണും ചെവിയുമായി മാറുമെന്ന് അല്ലാഹു പറഞ്ഞ ആ ദൈവസാമീപ്യം പ്രാപിച്ചവരിൽ ഉൾപ്പെടാൻ നിങ്ങൾ ശ്രമിക്കുക. അവർക്കുവേണ്ടി അല്ലാഹു ശത്രുക്കളോടു പോരാടുന്നു. അവരെ തന്റെ കാരുണ്യങ്ങൾ കൊണ്ട് കടാക്ഷിക്കുന്നു. നമ്മുടെ ഓരോ പ്രവൃത്തിയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടിയായിരിക്കണം. അതിനുവേണ്ടി അത്യധ്വാനം ആവശ്യമുണ്ട്. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കേണ്ട ആവശ്യമുണ്ട്. അല്ലാഹുവിനുവേണ്ടി ആത്മാർത്ഥരായിക്കൊണ്ട് അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിനു വേണ്ടി, അവന്റെ അനുഗ്രഹം തേടിക്കൊണ്ട് ആരാധനാകർമ്മങ്ങളിലേക്ക് ശ്രദ്ധിക്കുമ്പോൾ തീർച്ചയായും അല്ലാഹു സഹായിക്കുന്നതാണ്. ഇൻശാഅല്ലാഹ്. എന്നാൽ, ഞാൻ പറഞ്ഞതുപോലെ അതിനു നിബന്ധനയുണ്ട്, ആത്മാർത്ഥരായിക്കൊണ്ട് അവനെ ആരാധിക്കണം.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്തു പറഞ്ഞിരിക്കുന്നു: മനസ്സ് ശുദ്ധമാക്കുകയും, അതിൽ ഒരു തരത്തിലുള്ള വക്രതയ്ക്കും കുണ്ടിനും കുഴിക്കും കല്ലുകൾക്കും ഇരിക്കാൻ ഇടം നല്കാതിരിക്കുകയും ചെയ്താൽ അതിൽ അല്ലാഹുവിനെ കാണാൻ കഴിയും. അതുകൊണ്ട് എല്ലാതരം ചെറുതും വലുതുമായ കല്ലുകളും നമ്മുടെ മനസ്സിൽനിന്ന് നാം പുറത്തെടുത്തെറിയേണ്ടതാണ്. ആത്മാർത്ഥമായി അല്ലാഹുവിനെ ആരാധിക്കുന്നവരായിതീരേണ്ടതാണ്. മനുഷ്യൻ ഇങ്ങനെ പരിശ്രമിച്ച് അല്ലാഹുവിലേക്ക് നീങ്ങുമ്പോൾ, അല്ലാഹു അതിനെക്കാളുപരിയായി അവനെ തന്റെ മടിത്തട്ടിലേക്കെടുക്കുന്നു. ഒരു നിവേദനത്തിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) പറഞ്ഞു. അല്ലാഹു പ്രസ്താവിച്ചിരിക്കുന്നു. എന്റെ ദാസൻ എന്നെ വിചാരിക്കും പോലെയാണ് ഞാൻ അവനോട് പെരുമാറുന്നത്. അവനെന്നെ സ്മരിക്കുന്നേടത്ത് ഞാൻ അവനൊന്നിച്ചുണ്ട്. അവൻ എന്നെ തന്റെ മനസ്സിൽ ഓർക്കുകയാണെങ്കിൽ ഞാനും അവനെ എന്റെ മനസ്സിൽ ഓർക്കുന്നതാണ്. അവൻ എന്നെ ഒരു മജ്‌ലിസിൽ സ്മരിക്കുകയാണെങ്കിൽ അതിനെക്കാൾ ഉത്തമമായ മജ്‌ലിസിൽ ഞാനവനെ സ്മരിക്കുന്നതാണ്. അവനെന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാൻ അവനിലേക്ക് രണ്ട് മുഴം അടുക്കുന്നു. അവൻ എന്നിലേക്ക് നടന്നുവന്നാൽ ഞാൻ അവനിലേക്ക് ഓടി അടുക്കുന്നതാണ്."

അതുകൊണ്ട് ഓരോ അഹ്മദിയും, അല്ലാഹുവിന്റെ തൃപ്തി പിടിച്ചുപറ്റും വിധമുള്ള കർമ്മം ചെയ്യാനും ആരാധിക്കാനും ശ്രമിക്കേണ്ടതാണ്. ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, എന്റെ വരവിന്റെ ഉദ്ദേശ്യം ഏകനായ അല്ലാഹുവിനെ പരിചയപ്പെടുത്തലും അല്ലാഹുവിന്റെ കല്പനകളനുസരിച്ചുള്ള കർമ്മം ചെയ്യിക്കലുമാണ്. അല്ലാഹുവിന്റെ കല്പനകളെക്കുറിച്ചുള്ള അറിവ് എങ്ങനെയാണ് ലഭിക്കുക. അത് വിശുദ്ധഖുർആനിൽ നിന്നാണ് ലഭിക്കുന്നത്. അത് ശ്രദ്ധയോടെ പാരായണം ചെയ്യുമ്പോഴാണ് അത് ലഭിക്കുന്നത്.

അതുകൊണ്ട് ഈ ഭാഗത്തേക്കും ഓരോ അഹ്മദിയും ശ്രദ്ധ ചെലുത്തേണ്ടതാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു. ***ദാലിക്കൽ കിതാബു ലാറയ്ബ ഫീഹി ഹുദൻല്ലിൽ മുത്തഖീൻ***. ഇതാണ് മഹത്തായ ഗ്രന്ഥം. ഇതിൽ ഒരു സംശയവുമില്ല. മുത്തഖീങ്ങൾക്ക് മാർഗ്ഗദർശനം നല്കുന്ന ഗ്രന്ഥമാണിത്.

ഞാൻ പറഞ്ഞതുപോലെ, നിങ്ങളുടെ റബ്ബിനെ ആരാധിക്കുക. എന്നാൽ തഖ്‌വയിൽ അഭിവൃദ്ധിപ്പെടാം. തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നതിന് അല്ലാഹുവിന്റെ ഗ്രന്ഥമായ ഖുർആൻ പഠിക്കേണ്ടതും നിർബന്ധമാണ്. അതനുസരിച്ച് പ്രവർത്തിക്കേണ്ടതും നിർബന്ധമാണ്. ഖുർആൻ പഠിക്കലും അതനുസരിച്ചുള്ള പ്രവർത്തനവും ജീവിതത്തിന്റെ ഭാഗമാക്കാത്തിടത്തോളംകാലം തഖ്‌വ പരിപൂർണ്ണമാകുകയില്ല. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: പ്രതാപവാനായ അല്ലാഹു വിശുദ്ധഖുർആൻ ഇറക്കിയതിന്റെ അടിസ്ഥാന ഉദ്ദേശ്യം ഹുദൻല്ലിൽ മുത്തഖീൻ എന്ന് നിശ്ചയിച്ചിരിക്കുന്നു. അതായത് അതിന്റെ ഉദ്ദേശ്യം മുത്തഖികളുടെ ഹിദായത്താണ്. വിശുദ്ധഖുർആനിൽനിന്ന് സന്മാർഗ്ഗവും നേർവഴിയും അനുഗ്രഹവും കരസ്ഥമാക്കുന്നവർ മുത്തഖികൾ മാത്രമാണെന്ന് എടുത്തുപറഞ്ഞിരിക്കുന്നു. അതായത്, പ്രത്യേകമായ നിലയിൽ തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നവർക്കാണ് ഇതു ലഭിക്കുന്നത്.

ഒരു ഹദീസിൽ വന്നിരിക്കുന്നു. ഹസ്റത്ത് അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി പറഞ്ഞു: ഏതെങ്കിലും സംഘം വിശുദ്ധഖുർആൻ പഠിക്കുന്നതിനും പരസ്പരം പഠിപ്പിക്കുന്നതിനും വേണ്ടി അല്ലാഹുവിന്റെ വീടുകളിൽ ഏതെങ്കിലുമൊന്നിൽ സംഘടിക്കുമ്പോൾ അവരുടെമേൽ സമാധാനം ഇറങ്ങുന്നു. കാരുണ്യം അവരെ പൊതിയുന്നു. മലക്കുകൾ അവരുടെ ചുറ്റും കൂടിനില്ക്കുന്നു.

അല്ലാഹുവിന്റെ കാരുണ്യത്തെ ആകർഷിച്ചെടുക്കുന്നതിനും, മലക്കുകളുടെ വലയത്തിനുള്ളിൽ വരുത്തുന്നതിനും വേണ്ടി, വിശുദ്ധഖുർആൻ പഠിക്കേണ്ടതും അത് മനസ്സിലാക്കേണ്ടതും കുട്ടികളെ പഠിപ്പിക്കേണ്ടതും നിത്യേന പാരായണം ചെയ്യാൻ അവരെ ഉപദേശിക്കേണ്ടതും നമ്മളിൽ ഓരോരുത്തർക്കും നിർബന്ധമാണ്. ഇക്കാര്യങ്ങൾ പ്രവർത്തിച്ചുകൊണ്ട് മാതാപിതാക്കൾ

സ്വന്തം മാതൃക കുട്ടികളുടെ മുമ്പിൽ നിലനാട്ടാത്തിടത്തോളം കാലം കുട്ടികളിൽ അത് ഒരു സ്വാധീനവും ഉണ്ടാക്കുകയില്ല. അതുകൊണ്ട് സുബ്ഹി നിസ്കാരത്തിനുശേഷം മാതാപിതാക്കളും ഖുർആൻ പാരായണം നിർബന്ധമാക്കുക. നിസ്കാരത്തിന് എഴുന്നേല്ക്കുക. അതിനുശേഷം ഖുർആൻ പാരായണം ചെയ്യുന്നത് സ്വയം നിർബന്ധമാക്കുക. പാരായണം ചെയ്താൽ മാത്രംപോരാ ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. കുട്ടികളുടെ മേൽനോട്ടം വഹിക്കുകയും ചെയ്യുക. അവരും പാരായണം ചെയ്യട്ടെ. അവരേയും പഠിപ്പിക്കുക. നബി (സ) തിരുമേനി നമ്മെ വിശുദ്ധഖുർആൻ പഠിക്കേണ്ട രീതിയും പഠിപ്പിച്ചുതന്നിട്ടുണ്ട്. അവിടന്ന് പറഞ്ഞു. ഖുർആൻ നിറുത്തിനിറുത്തി വ്യക്തമായും ഓതുക. അതിന്റെ ***ഗറാഇബ്*** അനുസരിച്ച് പ്രവർത്തിക്കുക. ***ഗറാഇബ്*** കൊണ്ടുള്ള ഉദ്ദേശ്യം അതിലെ വിധിവിലക്കുകളാണ്. ഇങ്ങനെ ഓരോ വീട്ടിലും ഖുർആൻ പഠിപ്പിക്കപ്പെടുമ്പോൾ, ചിന്തിക്കുമ്പോൾ, അല്ലാഹു കല്പിച്ചതനുസരിച്ച് പ്രവർത്തിക്കുകയും, അല്ലാഹു വിലക്കിയതിൽനിന്ന് പിൻമാറുകയും ചെയ്യുമ്പോൾ ഒരു പരിശുദ്ധസമൂഹം സ്ഥാപിതമാകുന്നതാണ്. ആരാധനയുടെ നില മെച്ചപ്പെടുന്നതോടൊപ്പം നിങ്ങളുടെ സ്വഭാവങ്ങളുടെ നിലയും ഉയർത്തപ്പെടുന്നതാണ്. പരസ്പരമുള്ള വൈരാഗ്യം അകറ്റാനും ശ്രദ്ധയുണ്ടാകും. കള്ളമാന്യതകളിൽനിന്ന് രക്ഷപ്പെടുന്നുണ്ടാകും. തഖ്‌വയിൽ ചുവടുവെച്ചുകൊണ്ട് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിനും നിങ്ങൾ ശ്രമിക്കുന്നുണ്ടാകും. ഒരാൾ ബാഹ്യത്തിൽ നിസ്കരിക്കുന്നയാളാണ്. പക്ഷേ, അല്ലാഹു ഖുർആനിലൂടെ കല്പിച്ചിട്ടുള്ളതനുസരിച്ച് പ്രവർത്തിക്കുന്നില്ല. അത്തരക്കാരുടെ നിസ്കാരം അവരുടെ മുഖത്തേക്കുതന്നെ അല്ലാഹു വലിച്ചെറിയുന്നു. ഈ നിസ്കാരം നിസ്കരിക്കുന്നവർക്ക് ശാപമായിത്തീരുന്നു. അതുകൊണ്ടുതന്നെ അല്ലാഹുവും തഖ്‌വയിൽ അഭിവൃദ്ധി നല്കുന്നതായ ആരാധനകളെക്കുറിച്ച് പറഞ്ഞിരിക്കുന്നു. തഖ്‌വ വർദ്ധിക്കുന്നത് ഖുർആൻ പറഞ്ഞ കല്പനകൾ പാലിക്കുമ്പോഴാണ്. അതിന്റെ എണ്ണം ഹസറത്ത് മസീഹ് മൗഊദ്(അ) അഞ്ഞൂറോ എഴുന്നൂറോ പറഞ്ഞിരിക്കുന്നു. അവിടന്ന് പറഞ്ഞു. ഈ കല്പനകൾ അനുസരിച്ച് പ്രവർത്തിക്കാത്തവന് ഞാനുമായിട്ട് ഒരു ബന്ധവുമില്ല.

ഇതിൽ കൗശലങ്ങളോ സൂത്രങ്ങളോ ഒന്നും പ്രയോജനപ്പെടുകയില്ല. ചിലയാളുകൾക്ക് തങ്ങളുടെ അറിവിൽ വലിയ ഹുങ്കായിരിക്കും. മറ്റുള്ളവരുടെ അറിവിനെ പരിഹസിക്കുകയും ചെയ്യും. അല്ലെങ്കിൽ മറ്റേതെങ്കിലും കാര്യത്തിൽ അഭിമാനം കൊള്ളുന്നു. മറ്റുള്ളവരെ അധിക്ഷേപിക്കുന്നു. കളിയാക്കുന്നു. അത് വിശുദ്ധഖുർആനിലെ അറിവാണെങ്കിലും മറ്റേതെങ്കിലും അറിവാണെങ്കിലും, ഈ അറിവ് തഖ്‌വരഹിതമായ അറിവായതുകൊണ്ട് അല്ലാഹു അയാൾ സമ്പാദിച്ച അറിവിനേയും പരിഗണിക്കുകയില്ല. നിഷ്ഫലമായ അറിവാണത്. അല്ലാഹു പറഞ്ഞിരിക്കുന്നത്, ഖുർആനിലെ കല്പനകൾ പാലിക്കാനാണ്. കേവലം വായിക്കുകയും മറ്റുള്ളവരോട് പറയുകയും സ്വയം പ്രവർത്തിക്കാതിരിക്കുകയും ചെയ്യുന്നവർക്ക് ഖുർആൻ സന്മാർഗ്ഗം നല്കുകയില്ല. സന്മാർഗ്ഗവും തഖ്‌വയുമായി ബന്ധപ്പെട്ടതാണ്. ആരാധനാകർമ്മങ്ങൾ അനുഷ്ഠിക്കാൻ അതുകൊണ്ടാണ് കല്പിച്ചത്; നിങ്ങൾ തഖ്‌വയിൽ അഭിവൃദ്ധിപ്പെടുന്നതിനുവേണ്ടി.

തഖ്‌വയുടെ ലഭ്യതയ്ക്കായി ഇബാദത്തുകൾ ചെയ്യേണ്ടത് എല്ലാ അഹ്മദികളുടേയും നിർബന്ധകടമയാണ്. തഖ്‌വ ലഭിക്കുന്നതിനുവേണ്ടി വിശുദ്ധഖുർആൻ പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുക. വിശുദ്ധഖുർആന്റെ കല്പനകളനുസരിച്ച് പ്രവർത്തിക്കുന്നവരാകുക.

ഉദാഹരണത്തിന്, വിശുദ്ധഖുർആന്റെ ഒരു കല്പനയാണ് പരസ്പര സ്നേഹത്തിന്റേയും സന്തോഷത്തിന്റേയും അന്തരീക്ഷം ഉണ്ടാക്കുകയും മറ്റുള്ളവരോട് നല്ല കാര്യങ്ങൾ പറയുകയും മൃദുവായും സ്നേഹത്തോടുംകൂടി സംസാരിക്കുകയും ചെയ്യുക എന്നത്. മറ്റുള്ളവരുടെ വികാരത്തെ വ്രണപ്പെടുത്തുന്ന കയ്പേറിയ കാര്യങ്ങൾ പറയാതിരിക്കാനും കല്പനയുണ്ട്. അവൻ പറഞ്ഞു: ***ഖൂലൂ ലിന്നാസി ഹുസ്നാ*** (*2:84*) ജനങ്ങളോട് നല്ലവാക്ക് പറയുക.

അതായത് ആരുടേയും വികാരം വ്രണപ്പെടാത്ത നിലയിൽ സംസാരിക്കുക. സമൂഹത്തിലെ മിക്ക വഴക്കുകളും നാവ് കാരണത്താലാണുണ്ടാകുന്നത്. അതുകൊണ്ടാണ് ഹദീസിൽ വന്നിട്ടുള്ളത്, ഈ അവയവത്തെ നിയന്ത്രിച്ചാൽ നരകത്തിൽനിന്ന് രക്ഷപ്പെടാമെന്ന്. ചിലർ വളരെ മൃദുവായ ശൈലിയിൽ ആരുടെയെങ്കിലും ന്യൂനത വെളിപ്പെടുംവിധം സംസാരിക്കാറുണ്ട്. എന്നിട്ട്, ഞാൻ നല്ല നിലയിലാണ് സംസാരിച്ചതെന്ന് പറയും. മറ്റവൻ അപ്പോൾ ചൂടാകാൻ തുടങ്ങും. ഈ സൂത്രങ്ങൾകൊണ്ട് ഇഹലോക വിധികർത്താക്കളിൽനിന്ന് രക്ഷപ്പെട്ടേക്കാം. പക്ഷേ, മനസ്സിലെ അവസ്ഥകൾ അറിയുന്ന അല്ലാഹുവിനെ വഞ്ചിക്കാൻ സാധ്യമല്ല. അതുകൊണ്ട് വളരെ ആഴത്തിൽ ചെന്നുകൊണ്ട് ഒരഹ്മദി, തന്നെ നന്നാക്കിത്തീർക്കാൻ ശ്രമിക്കേണ്ടതാണ്. നിങ്ങൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ ഈ രാജ്യത്തും, കുഴപ്പങ്ങളുണ്ടാകുന്ന മറ്റു രാജ്യങ്ങളിലും, വെറുപ്പും വിദ്വേഷവും വളരുന്ന മനസ്സുകളിലും മാറ്റമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് സ്വയം പരിഷ്ക്കരിക്കുന്നതിനായി വിശുദ്ധഖുർആൻ ശ്രദ്ധയോടെ പഠിക്കുക. അതിലെ കല്പനകൾ ജീവിതത്തിന്റെ ഭാഗമാക്കിത്തീർക്കുക. ഇല്ലെങ്കിൽ നബി (സ) പറഞ്ഞ ഈ ശിക്ഷയുടെ കീഴിൽ പെട്ടുകൂടായ്കയില്ല.

ഹസ്റത്ത് സിയാദ്ബിൻ ലബ്‌രീദ്(റ) പറയുന്നു: നബി(സ) ഒരു ഭയാനകമായ വസ്തുവിനെ ഓർമ്മിപ്പിച്ചുകൊണ്ടു പറഞ്ഞു. അതുണ്ടാകുന്നത് മതപരമായ അറിവ് ഇല്ലാതാകുമ്പോഴാണ്. ഞാൻ ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അറിവ് എങ്ങനെയാണ് ഇല്ലാതാകുന്നത്; ഞാൻ ഖുർആൻ പഠിക്കുകയും മക്കളെ പഠിപ്പിക്കുകയും ചെയ്യുന്നുണ്ടല്ലോ. ഞങ്ങളുടെ മക്കൾ അവരുടെ മക്കളേയും പഠിപ്പിക്കുന്നതാണ്. നബി (സ) പറഞ്ഞു: സിയാദേ! ഞാൻ താങ്കളെ മദീനയിലെ ഏറ്റവും നല്ല ബുദ്ധിമാനായി മനസ്സിലാക്കിയിരുന്നു. യഹൂദികളും നസ്റാണികളും തൗറാത്തും ഇഞ്ചീലും പാരായണം ചെയ്യുന്നത് താങ്കൾ കാണുന്നില്ലേ. എന്നാൽ, അവർ അതനുസരിച്ച് പ്രവർത്തിക്കുന്നില്ല.”

ഇക്കാലത്ത് ഹസ്റത്ത് മസീഹ് മൗഊദ്(അ) മുഖേന മതപരമായ അറിവ് വീണ്ടും സ്ഥാപിതമായിരിക്കുകയാണ്. ഈ പ്രകാശവും വെളിച്ചവും നമുക്കാണ് വീണ്ടും കിട്ടിയിരിക്കുന്നത്. നാം നമ്മെ മാറ്റുന്നില്ലെങ്കിൽ ഖുർആൻ പാരായണം നമുക്ക് ഒരു ഫലവും ചെയ്യുകയില്ല. പ്രവർത്തിക്കാത്ത അത്തരക്കാരെ സംബന്ധിച്ച് ഹസ്റത്ത് മസീഹ് മൗഊദ്(അ) മുന്നറിയിപ്പ് നല്കിയിരിക്കുന്നു. അതായത് എന്നിൽനിന്ന് നിങ്ങൾക്ക് ഒരു വിഹിതവുമില്ലെന്ന്. അവർ മുറിക്കപ്പെടുമെന്ന് പറഞ്ഞിരിക്കുന്നു.

ഹസ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു. യാഥാർത്ഥ്യമെന്താണെന്നുവെച്ചാൽ എന്തൊന്നാണോ അല്ലാഹു ഖുർആനിൽ പഠിപ്പിച്ചിട്ടുള്ളത്, മുസ്ലിംകൾ അതിനെ പൂർണ്ണമായും പിൻപറ്റുന്നില്ലെങ്കിൽ അവർ ഒരു തരത്തിലുള്ള പുരോഗതിയും പ്രാപിക്കുകയില്ല.

ഇന്ന് നിങ്ങൾ നോക്കുക. അവരുടെ അവസ്ഥ ഇതുതന്നെയാണ്. എല്ലായിടത്തുനിന്നും അടി കിട്ടിക്കൊണ്ടിരിക്കുന്നു. അവരുടെ നാട്ടിൽ വന്ന് അന്യർ അവരെ കൊല്ലുന്നു. കാരണം ഖുർആന്റെ കല്പന പാലിക്കാത്തതാണ്.

പറഞ്ഞു: അവർ എത്രത്തോളം ഖുർആനിൽനിന്ന് അകലുന്നുവോ അത്രത്തോളം അവർ പുരോഗതിയുടെ സ്ഥാനങ്ങളിൽനിന്ന് അകന്നുപോകുന്നു. വിശുദ്ധഖുർആൻ അനുസരിച്ചുള്ള കർമ്മങ്ങൾ തന്നെയാണ് അഭിവൃദ്ധിയ്ക്കുള്ള നിദാനം.

ഓരോ അഹ്മദിയും ആത്മപരിശോധന നടത്തുക. ചിന്തിക്കുക. വീട്ടിൽ ഭാര്യാമക്കളെ വിലയിരുത്തുക. ഉമ്മമാർ ആരംഭം മുതലെ കുട്ടികൾക്ക് ഇതു പറഞ്ഞു കൊടുക്കുക. ഓരോ ദിവസത്തേയും തിലാവത്തിനു ശേഷം പരിശോധന നടത്തേണ്ടതാണ്; അതിൽ പറഞ്ഞിരിക്കുന്ന വിധിവിലക്കുകൾ നാം എത്രത്തോളം ജീവിതത്തിൽ പകർത്തുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. അപ്പോഴാണ് നാം പരിഷ്ക്കരണത്തിനുവേണ്ടി പരിശ്രമിക്കുന്നവരായിത്തീരുന്നത്. ദുആയോടുകൂടി ഇതിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതെന്റെ ഉപദേശമാണ്. ഞാനിതിനെ എന്റെ എല്ലാ ഉപദേശങ്ങളുടെയും കാതലായി മനസ്സിലാക്കുന്നു. ഖുർആനിൽ മുപ്പത് ജുസുകളുണ്ട്. അതെല്ലാം ഉപദേശങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുന്നു. എന്നാൽ, ഇതിൽ എന്തു കല്പനയനുസരിച്ച് നടന്നാലാണ് ഖുർആനിലെ എല്ലാ കല്പനകളുമനുസരിച്ച് നടക്കുന്നവരും അതിലെ വിരോധിക്കപ്പെട്ട കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുന്നവരുമായിത്തീരുന്നതെന്ന് എല്ലാവർക്കും അറിയുകയില്ല. ഞാൻ നിങ്ങളോടു പറയുന്നു, ആ താക്കോൽ ദുആയാണ്. ദുആയെ ശക്തിയോടെ പിടിക്കുക. ഞാൻ ദൃഢമായും വിശ്വസിക്കുന്നു. എന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുന്നു: എന്നാൽ, അല്ലാഹു എല്ലാ പ്രയാസങ്ങളും എളുപ്പമാക്കിത്തരുന്നതാണ്.

ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിലുള്ളവരെന്ന് പറയുന്ന നമുക്ക് അവിടത്തെ ആഗ്രഹമനുസരിച്ച്, അല്ലാഹുവിന്റെ ഭക്തരായ ദാസരായിത്തീരാൻ അല്ലാഹുതന്നെ തൗഫീഖ് നല്കുമാറാകട്ടെ. നാം അവന്റെ കല്പനകളനുസരിച്ച് നടക്കുന്നവരായിത്തീരട്ടെ. വിശുദ്ധഖുർആനെ മനസ്സിലാക്കി പഠിക്കുന്നവരായിത്തീരട്ടെ. മനസ്സിലാക്കുന്നതിലും പ്രവർത്തിക്കുന്നതിലും തടസ്സമുണ്ടെങ്കിൽ, നാം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക. അവന്റെ യഥാർത്ഥ ആരാധകരായിക്കൊണ്ട് അവനിൽ നിന്ന് നേർവഴി തേടുക. അവനോട് പറയുക അല്ലാഹുവേ! നീ തന്നെയാണ് 'ആത്മാർത്ഥരായി എന്റെ മുന്നിൽ പ്രണമിക്കുകയാണെങ്കിൽ വഴികാട്ടു'മെന്ന് പറഞ്ഞത്. ഞാൻ ഹിദായത്ത് തേടുന്നു. ഇങ്ങനെ ദുആ ചെയ്താൽ അല്ലാഹു സഹായിക്കുന്നതാണ്.

ഈ ജൽസാദിനങ്ങളിൽ അല്ലാഹു നിങ്ങൾക്ക് ഒരു ആത്മീയ അന്തരീക്ഷം നല്കിയിരിക്കുകയാണ്. ഇതിൽ നിങ്ങളുടെ ആരാധന മെച്ചപ്പെടുത്തുക. യഥാർത്ഥ തഖ്‌വ എന്താണെന്ന് മനസ്സിലാക്കാൻ ശ്രമിക്കുക. ഈ ദിനങ്ങളിൽ വിവിധ വിഷയങ്ങളിൽ പ്രസംഗങ്ങൾ ഉണ്ടാകും. അതിന്റെ എല്ലാം അടിസ്ഥാനം തഖ്‌വയാണ്. അതിൽനിന്നും ഫലമെടുക്കുക. ഭാര്യമാരേയും കുട്ടികളേയും ഇക്കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കിക്കൊടുക്കുക. ഇതൊരു മേളയല്ലെന്ന് ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുകയുണ്ടായി. അതുകൊണ്ട് വിവിധ സ്ഥലങ്ങളിൽനിന്നും രാജ്യങ്ങളിൽനിന്നും വന്നിട്ടുള്ള നിങ്ങൾ ചെറിയചെറിയ സംഘങ്ങളായി പിരിഞ്ഞ് സംസാരിച്ച് നേരം പാഴാക്കരുത്. ഇതിൽ പങ്കെടുക്കുന്ന ഓരോരുത്തരും ജൽസയിൽനിന്ന് ഫലമെടുക്കാൻ പരിശ്രമിക്കേണ്ടതാണ്. അങ്ങനെ ഫലമെടുക്കുമ്പോഴാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആയുടെ അവകാശികളായിത്തീരുന്നത്. അല്ലാഹു അതിന് തുണയ്ക്കുമാറാകട്ടെ. ആമീൻ.

Khuthba
Hadhrat Mirza Masroor Ahmad
Khalifathul Masih V
on
16.9.2005
at
Gothenburg, Sweden

വിവ: മുഹമ്മദ് ഇസ്മായീൽ. എച്ച്.എ, ആലപ്പുഴ
Mobile: 9895 126027; 0497 2702562

Page Layout & Typeset: BRB, Kannur
Published by: Majlis Khuddamul Ahmadiyya, Kerala